പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 322 13-10-2011 -ൽ മറുപടിക്ക്.

## ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് മാർഗ്ഗരേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>" വി. ഡി. സതീശൻ<br>" റ്റി. എൻ. പ്രതാപൻ<br>" കെ. ശിവദാസൻ നായർ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആരാണ് മാർഗ്ഗരേഖ തയ്യാറാക്കിയതെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ഡോ. കെ. എസ്. രാധാകൃഷ്ണൻ ചെയർമാനായ കമ്മിറ്റിയാണ് മാർഗ്ഗരേഖ തയ്യാറാക്കിയത്. |
| (ബി) പ്രസ്തുത കമ്മിറ്റി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് എന്നറിയിക്കാമോ; | (ബി) ഉണ്ട്. 11-08-2011-ന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. |

(സി) മാർഗ്ഗരേഖയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

(സി). സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യപാനശീലവും മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗവും ഇല്ലായ്മ ചെയ്യുന്നതിന്, പൊതുജനാരോഗ്യ കാഴ്ചപ്പാടിൽ നിന്നുകൊണ്ട്, ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്, എക്സൈസ്, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ മേധാവികൾ ഉൾപ്പെട്ട ഒരു സംസ്ഥാനതല സമിതി രൂപീകരിക്കണമെന്നും, കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

1. വിദ്യാലയങ്ങളിൽ ക്ലബ്ബിന്റെ രൂപീകരണ ചുമതല ബന്ധപ്പെട്ട എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർമാർക്കായിരിക്കും.
2. റെയ്ഞ്ച് ഇൻസ്പെക്ടർമാർ, വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർ, പി.റ്റി.എ., മദർ പി.റ്റി.എ., തദ്ദേശ സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ അംഗങ്ങളാക്കി ക്ലബ്ബുകൾ രൂപീകരിക്കണം.
3. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ, പി.റ്റി. എ. പ്രസിഡന്റ്, തദ്ദേശ സ്ഥാപന പഞ്ചായത്തംഗം, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളായിരിക്കും.
4. സ്കൂളിലെ പ്രധാന അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന, ഈ വിഷയത്തിൽ താല്പര്യമുള്ള, ഒരു അദ്ധ്യാപകനായിരിക്കും ക്ലബ്ബിന്റെ കൺവീനർ.
5. ക്ലബ്ബിലെ അംഗങ്ങളിൽ നിന്ന് തന്നെ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കണം.
6. ക്ലബ്ബ് ഒരുമാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതും, പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ആയതിന്റെ റിപ്പോർട്ട് എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർമാർക്ക് നൽകണം.
7. റെയ്ഞ്ച് ഇൻസ്പെക്ടർ, ഹെഡ്മാസ്റ്ററുമായി ബന്ധപ്പെട്ട്, ആദ്യയോഗം വിളിച്ചു കൂട്ടേണ്ടതും, രക്ഷാധികാരികളടക്കം എല്ലാവരും ആദ്യയോഗത്തിൽ ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

സെക്ഷൻ ആഫീസർ